"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത് -ഷോപ്പിംഗ് കോംപ്ലക്സും ഭൂമിയും ദേശീയപാത-66 വികസനത്തിനായി ഏറ്റെടുത്തതിന്റെ ഭാഗമായി ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.946/2026/LSGD തീയതി,തിരുവനന്തപുരം, 04-05-2026

---

പരാമർശം:-

1. GO (P) 190/2021/RD തീയതി 25/11/2021 ലെ സർക്കാർ ഉത്തരവ്
2. GO (P) No 232/2022/ Fin തീയതി 12/01/2022 ലെ സർക്കാർ ഉത്തരവ്
3. കൊല്ലം സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാന്റ് അക്വിസിഷൻ) നാഷണൽ ഹൈവേയ്സ് & കോമ്പിറ്റന്റ് അതോറിറ്റിയുടെ 12.12.2022 -ലെ എ1-2177/2022 നമ്പർ നടപടിക്രമം.
4. ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന്റെ 19/7/2023 ലെ 20(1) ഭരണ സമിതി തീരുമാനം
5. ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.09.2023 ലെ എസ്.സി3-6564/23 നമ്പർ കത്ത്
6. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 10/10/2024 & 17/02/2025 എന്നീ തീയതികളിലെ LSGD/PD/64375/2023 -REV6 നമ്പർ കത്തുകൾ

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയും, ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടവും ദേശീയപാത-66 വികസനത്തിനായി ഏറ്റെടുത്തതിൽ ഷോപ്പിംഗ് കോംപ്ലെക്സ് കെട്ടിടത്തിനുള്ള നഷ്ടപരിഹാര തുകയായി പരാമർശം (3) ലെ നടപടിക്രമം പ്രകാരം സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ ട്രഷറിയിൽ 0075-00-105-98 എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള **2,21,85,678/- രൂപ (രണ്ട് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി എൺപത്തി അയ്യായിരത്തി അറുനൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം)** ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചു നൽകണമെന്ന ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (5 ) ലെ അപേക്ഷ പരാമർശം (6) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിൽ ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയും, ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടവും ദേശീയപാത-66

വികസനത്തിനായി ഏറ്റെടുത്തതിൽ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിനുള്ള നഷ്ടപരിഹാരമായി കൊല്ലം സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാന്റ് അക്വിസിഷൻ) നാഷണൽ ഹൈവേയ്സ് & കോമ്പിറ്റന്റ് അതോറിറ്റി പരാമർശം (3) പ്രകാരം 0075-00-105-98 എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള **2,21,85,678/- രൂപ (രണ്ട് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി എൺപത്തി അയ്യായിരത്തി അറുനൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം) 0075-00-105-98 - Compensation for Land Acquisition for NH Develpoment** എന്ന ശീർഷകത്തിൽ നിന്നും താഴെപറയുന്ന നടപടിക്രമങ്ങൾ പാലിക്കണമെന്ന വ്യവസ്ഥയോടെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചു നൽകുന്നതിന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

1.റീ ഫണ്ട് നടപടികൾക്കായി BiMS കൈകാര്യം ചെയ്യുന്ന അനുയോജ്യനായ ഒരു ഡി.ഡി.ഒ യെ ചുമതലപ്പെടുത്തുക

2.ട്രഷറി ആപ്ലിക്കേഷനിലെ റീ ഫണ്ട് മാസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനായി തുക ഒടുക്കൽ സംബന്ധിച്ച വിശദാംശങ്ങൾ ട്രഷറിയിൽ സമർപ്പിക്കുക

3. BiMS ആപ്ലിക്കേഷൻ വഴി റീഫണ്ട് ബില്ല് എടുത്തു ട്രഷറിയിൽ സമർപ്പിച്ചു തുക മാറി നൽകുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്,കൊല്ലം ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ധനകാര്യ വകുപ്പ് (07.04.2026 ലെ DEV-2/91/2025-FIN(3130511)
ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
കരുതൽ ഫയൽ (ഡി.ബി1/527/2024/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 05-05-2026 12:49:12